"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.വിനോദ് കുമാർ.എസ്, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III, മട്ടന്നൂർ മുനിസിപ്പാലിറ്റി - നിരീക്ഷണകാലം പൂർത്തീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2395/2024/LSGD തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-
1. സ.ഉ(സാധാ) നം.1297/2020/തസ്വഭവ തീയതി 30.06.2020
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.11.2024 ലെ LSGD/PD/26672/2024-DEH6 നമ്പർ കത്ത്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 31.07.2024 ലെ GE07/C/MCV 27/169 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.വിനോദ് കുമാർ.എസ് ന് പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിയമനം ലഭിക്കുകയും ടിയാൻ 06.07.2020 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാൻ പ്രൊബേഷൻ കാലയളവിൽ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന 30 ദിവസത്തെ പരിവർത്തിത അവധി എടുത്തിട്ടുള്ളതാണെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിൽ രണ്ട് വർഷത്തെ ഡ്യൂട്ടിയാണ്. 06.07.2020 പൂർവാഹ്നം തീയതിയിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്- III തസ്തികയിൽ പ്രവേശിച്ച ശ്രീ. വിനോദ് കുമാർ എസ്.- ന്റെ ടി തസ്തികയിലെ നിരീക്ഷണ കാലം 04.08.2022 അപരാഹ്നത്തിൽ പൂർത്തിയായിട്ടുള്ളതാണ്. ശ്രീ.വിനോദ്കുമാർ. എസ്-ന്റെ പേരിൽ വിജിലൻസ് കേസുകളോ/അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാൻ പ്രൊബേഷന് നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട വകുപ്പുതല പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.വിനോദ് കുമാർ.എസ്, മുനിസിപ്പൽ സെക്രട്ടറിയുടെ

മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം 04.08.2022 അപരാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായും 05.08.2022 പൂർവ്വാഹ്നത്തിൽ പ്രാബല്യത്തിൽ വന്നതായും പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.വിനോദ് കുമാർ.എസ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-12-2024 10:43:57
സെക്ഷൻ ഓഫീസർ